**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2626** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഗുഡ് സർവീസ് എൻട്രി റദ്ദാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 24.10.2020-ന് റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശ നിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവീസ് എൻട്രി റദ്ദാക്കിക്കൊണ്ട് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 15.07.2021-ന് ഇറക്കിയ ഉത്തരവ് പുതുക്കി മറ്റൊരു ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 15.07.2021ൽ പുറപ്പെടുവിച്ച ഉത്തരവിൽ സാങ്കേതികമായ ചില പിഴവുകൾ വന്നിട്ടുണ്ടെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടതിനാലാണ് 19.07.2021ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) | റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവീസ് എൻട്രി റദ്ദാക്കിയ ഉത്തരവ് ഇറക്കുന്നതിനു മുൻപ് അന്വേഷണം നടത്തിയിരുന്നോ; | (ബി) | പ്രാഥമിക പരിശോധനയിലും ചില ഫയലുകൾ പരിശോധിച്ചതിലും പ്രസ്തുത ഉദ്യോഗസ്ഥ ഗുഡ് സർവ്വീസ് എൻട്രിക്ക് യോഗ്യയല്ല എന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ബോധ്യമായതിനാലാണ് ഗുസ് സർവ്വീസ് എൻട്രി പിൻവലിച്ചത് എന്നാണ് സെക്രട്ടറിയുടെ ഉത്തരവിൽ കാണുന്നത്. |
| (സി) | പ്രസ്തുത അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; | (സി) | പ്രാഥമിക പരിശോധനയിലും ചില ഫയലുകൾ പരിശോധിച്ചതിലും പ്രസ്തുത ഉദ്യോഗസ്ഥ ഗുഡ് സർവ്വീസ് എൻട്രിക്ക് യോഗ്യയല്ല എന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ബോധ്യമായതിനാലാണ് ഗുസ് സർവ്വീസ് എൻട്രി പിൻവലിച്ചത് എന്നാണ് സെക്രട്ടറിയുടെ ഉത്തരവിൽ കാണുന്നത്. |
| (ഡി) | ഭരണഘടനയ്ക്കും നിയമങ്ങൾക്കും അനുസൃതമായി ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിച്ച റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ എന്തെങ്കിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉദ്യോഗസ്ഥക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ